പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 202 | 18.06.2013 -ൽ മറുപടിക്ക്

കെ. എസ്. ആർ. ടി. സി.-യെ ലാഭകരമാക്കുന്നതിനും ജനോപകാരപ്രദമാക്കുന്നതിനും നടപടി

ചോദ്യം

ശ്രീ. റ്റി. യു. കുരുവിള :
" സി. എഫ്. തോമസ് :
" മോൻസ് ജോസഫ് :
" തോമസ് ഉണ്ണിയാടൻ :

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. യെ ലാഭകരമാക്കുന്നതിനും കൂടുതൽ ജനോപകാരപ്രദമാക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ എന്തെന്ന് വ്യക്തമാക്കുമോ ; | (എ) | കെ.എസ്.ആർ.ടി.സി.യെ ലാഭകരമാക്കുന്നതിനും കൂടുതൽ ജനോപകാരപ്രദമാക്കുന്നതിനും ചുവടെ വിവരിച്ചിട്ടുള്ള നടപടികൾ സ്വീകരിച്ചു വരുന്നു:-<br>1. ആവശ്യാനുസരണം ഷെഡ്യൂളുകൾ വർദ്ധിപ്പിച്ചു.<br>2. സൂപ്പർ ക്ലാസ് സർവ്വീസുകൾ കെ.എസ്.ആർ.ടി.സി.ക്ക് മാത്രമായി നിജപ്പെടുത്തി കരട് വിജ്ഞാപനം പുറപ്പെടുവിച്ചു.<br>3. 1,000 പുതിയ ബസ്സുകൾക്ക് ഓർഡർ നൽകുകയും, അതിൽ 704 എണ്ണം ബോഡി നിർമ്മിച്ച് നിരത്തിലിറക്കുകയും ചെയ്തു.<br>4. ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനു വാണിജ്യപ്രാധാന്യമുള്ള ബസ് സ്റ്റേഷനുകളിൽ വാണിജ്യ സമുച്ചയങ്ങൾ നിർമ്മിച്ച് കെ.എസ്.ആർ.ടി.സി.യെ പുനരുദ്ധരിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു.<br>5. ആധുനികവൽക്കരണത്തിന്റെ ഭാഗമായി പുതിയ ജി.പി.ആർ.എസ്. ഇ.ടി.എം. മെഷീനുകൾ വാങ്ങുന്നതിനും ബസുകളിൽ ജി.പി.എസ്. സംവിധാനം ഒരുക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| | | | 6. ഡ്രൈവർമാർ, മെക്കാനിക്ക് ഉൾപ്പെടെയുള്ള ജീവനക്കാർക്ക് നൽകുന്ന പരിശീലനം, ബസുകളുടെ ഇന്ധനക്ഷമത വർദ്ധിപ്പിക്കൽ, സ്പെയർ പാർട്സ്, ടയർ മുതലായവയുടെ ഉപഭോഗം കുറയ്ക്കുക തുടങ്ങിയ കാര്യങ്ങളിൽ സത്വര നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഷെഡ്യൂളുകൾ ജനോപകാരപ്രദമായി പരിഷ്കരിക്കുന്നതിനും കൂടുതൽ യാത്രക്കാരെ ആകർഷിക്കത്തക്ക നിലയിൽ ഗുണകരമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടികൾ ഉണ്ടാകുമോ ; വിശദാംശം ലഭ്യമാക്കുമോ ? | (ബി) | ഷെഡ്യൂളുകൾ ജനോപകാരപ്രദമായും വരുമാനം കൂടുതൽ ലഭിക്കുന്ന രീതിയിലും പുനഃക്രമീകരിക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു:-<br>ദീർഘദൂര യാത്രക്കാരുടെ യാത്രാസമയം പരമാവധി ചുരുക്കുന്നതിലേക്കായി സ്റ്റോപ്പുകളുടെ എണ്ണം കുറച്ച് പോയിന്റ് ടു പോയിന്റ്, എൻഡ് ടു എൻഡ് എന്നീ സർവ്വീസുകളും പട്ടണങ്ങളെയും ഗ്രാമങ്ങളെയും ബന്ധിപ്പിച്ചുകൊണ്ടുള്ള രാജധാനി റിംഗ് റോഡ് സർവ്വീസും ആരംഭിച്ചിട്ടുണ്ട്. എം.എൽ.എ.മാരുടെ നേതൃത്വത്തിൽ മാസം തോറും അവലോകനയോഗങ്ങൾ നടത്തി വരുന്നു. വരുമാന വർദ്ധനവ് ലക്ഷ്യമിട്ട് കോർപ്പറേഷൻ പുതുതായി ഏർപ്പെടുത്തിയ പോയിന്റ് ഡ്യൂട്ടി സിസ്റ്റം വഴി യാത്രക്കാർക്ക് സർവ്വീസുകൾ കൂടുതൽ ഉപകാരപ്രദമാവുകയും ചെയ്തിട്ടുണ്ട്.<br>ദീർഘദൂര റൂട്ടുകളിൽ കൂടുതൽ എയർ സസ്പെൻഷൻ ബസുകൾ ഉപയോഗിക്കുന്നതിന് പുതിയ ഷാസികൾക്ക് ഓർഡർ നൽകിയിട്ടുണ്ട്. വാണിജ്യ പ്രാധാന്യമുള്ള കോർപ്പറേഷൻ വക സ്ഥലങ്ങളിൽ അത്യാധുനിക രീതിയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകൾ ഉൾപ്പെടെയുള്ള നവീന രീതിയിലുള്ള ബസ് സ്റ്റേഷനുകൾ നിർമ്മിക്കുകവഴി യാത്രക്കാർക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതി |

| | | | |
|---|---|---|---|
| | | | നോടൊപ്പം കോർപ്പറേഷന് കൂടുതൽ വരുമാനവും ലഭിക്കുന്നു. വനിതാ യാത്ര ക്കാർക്ക് സുരക്ഷിതമായ യാത്ര പ്രദാനം ചെയ്യുന്നതിന് ബസ് സ്റ്റേഷനുകളിൽ ആധുനിക സൗകര്യങ്ങളോടു കൂടിയ വിശ്രമ മുറികൾ നിർമ്മിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ